(ബി) പ്രസ്തുത ആദിവാസി ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടെ ഇവരുടെ ക്ഷേമത്തിന് സമയബന്ധിതമായ കർമ്മപരിപാടികൾ നടപ്പാക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 54 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ഭൂമി വിതരണം ചെയ്യുന്നതാണ്.

(ബി) വനംവകുപ്പ് ഭൂമി ലഭ്യമാക്കിക്കഴിഞ്ഞാലുടൻതന്നെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള വിവിധ ക്ഷേമ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കാൻ കഴിയുന്നതാണ്.

കൈത്താങ്ങ് പദ്ധതി

342 (682) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) അനാഥരായ ആദിവാസിക്കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന വിശദമാക്കാമോ ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനും, അവരുടെ വിദ്യാഭ്യാസത്തിനുമായി ആനുകൂല്യം അനുവദിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

ടി പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾ ആരുടെ സംരക്ഷണയിലാണോ കഴിഞ്ഞു വരുന്നത് അവരുടെ പേരിൽ പ്രതിമാസം 1000- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു. കുട്ടികൾ വളർന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നതുവരെയോ കുട്ടികൾക്ക് 18 വയസ്സാകുന്നതുവരെയോ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ

343 (683) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിലെ നവജാതശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ ;

(സി) അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസി തൊഴിലാളികൾക്ക് കൂടിശ്ശികയായിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യ അടുക്കള നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

(ഇ) പുതിയ അട്ടപ്പാടി പാക്കേജിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly